ആദിവാസികൾക്ക് നൽകുന്ന സൗജന്യ ഭക്ഷണ സാധനങ്ങൾ

112 (4720) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര ആദിവാസികൾക്ക് സൗജന്യ ഭക്ഷണ സാധനങ്ങൾ നല്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) അവർക്ക് സൗജന്യമായി എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ ;

(സി) ആദിവാസികളെ സ്വയംപര്യാപ്തരാക്കുന്നതിന് എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും അതിനുവേണ്ടി നടപ്പുവർഷത്തേക്ക് എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 82871 ആദിവാസി കുടുംബങ്ങൾക്ക്.

(ബി) ഫുഡ് സപ്പോർട്ട് പദ്ധതി അനുസരിച്ച് അരിയും പയറും സൗജന്യ റേഷൻ പദ്ധതി പ്രകാരം അരി മാത്രവും വിതരണം ചെയ്യുന്നു.

(സി) ആദിവാസികളെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി കൃഷി വികസനം, ഊരുവികസനം സ്വയംതൊഴിൽ, വിവിധ തൊഴിലധിഷ്ഠിത പരിപാടികൾ, പട്ടികവർഗ്ഗ സ്ത്രീകൾക്കുള്ള തൊഴിലധിഷ്ഠിത പരിപാടികൾ തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 4443.75 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനായി 4443.75 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിലെ ഭേദഗതി

113 (4721) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുണ്ടായിരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ എപ്പോഴെല്ലാമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ജാതിയിൽപ്പെട്ടവരെയാണ് ലിസ്റ്റിൽ നിന്നും ഒഴിവാക്കാനും ഉൾപ്പെടുത്തുവാനും തീരുമാനിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly